കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.ksad.kerala.gov.in

# പുത്തൂർ ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ
E-mail: dotsr.ksad@kerala.gov.in

നം.കെ.എസ്.എ.ടി.എസ്.ആർ.(പി8)2203/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 680 020
തീയതി: 20.01.2017
ഫോൺ നം. 0487 2331249
ഇ-മെയിൽ: dotsr.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),
പുത്തൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പുത്തൂർ ഗ്രാമപഞ്ചായത്ത് -2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്
*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-3 ഖണ്ഡികയിലേയ്ക്കും, ഭാഗം 3ലെ 3-4 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്</u>

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (ഉപരിപത്രം സഹിതം)
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(പി8)2203/16 തീയതി: 20.01.2017

തൃശ്ശൂർ ജില്ലയിലെ പുത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തികവർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പുത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1-4-15 മുതൽ തിയ്യതി 31-10-16 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 1-4-15 മുതൽ 31.3.16 വരെയുള്ള വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. കെ.യു.ചേക്കുട്ടി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.11.2016 മുതൽ 30.11.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. ലത. എം.എൻ. ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി.ചൈതന്യാപുരുഷോത്തമൻ അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഹാരിഷ്.വി.എ അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.രമാദേവി. കെ.ആർ. ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ്

| പേര് | കാലയളവ് |
|---|---|
| ശ്രീ.ടി.കെ.ശ്രീനിവാസൻ | 01.04.15 മുതൽ 31.10.15 വരെ |
| അഡ്മിനിസ്ട്രേറ്റീവ് സമിതി | 01.11.15 മുതൽ 11.11.15 വരെ |
| ശ്രീമതി.മിനി ഉണ്ണികൃഷ്ണൻ | 12.11.15 മുതൽ 31.03.16 വരെ |

<u>സെക്രട്ടറി</u>

| പേര് | കാലയളവ് |
|---|---|
| ശ്രീകല .വി.ജി. | 01.04.15 മുതൽ 06.08.15 വരെ |
| എ.എസ്.തമ്പി | 07.08.15 മുതൽ 31.03.16 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി എഞ്ചിനീയർ | രാജേഷ്.കെ.കെ. | 01.04.2015മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | അർച്ചന വിശ്വനാഥ് | 01.04.2015മുതൽ 31.03.2016 വരെ |
| ഐ.സി.ഡി. എസ് സൂപ്പർ വൈസർ | ലതിക | 01.04.2015മുതൽ 29.09.2015വരെ |
| | സുധർമ്മിണി.ജി | 30.09.2015മുതൽ 27.12.2015വരെ |
| | ബിന്ദു ആന്റണി | 28.12.2015മുതൽ 31.03.2016വരെ |
| മെഡിക്കൽ ഓഫീസർ,പി.എച്ച്.സി. | ഡോ.ആദിത്ത് .എസ് | 01.04.2015മുതൽ. 31.03.2016വരെ |
| മെഡിക്കൽഓഫീസർ ആയുർവേദം | ഡോ.അഭിലാഷ്.എം.ജെ | 01.04.2015മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ.കെ.കെ.ശ്രീനിവാസൻ | 01.04.2015 മുതൽ 31.03.2016 വരെ |
| ഹെഡ്മിസ്ട്രസ്സ് | പി.പി.ഗിരിജ | 01.04.2015 മുതൽ 31.03.2016 വരെ |
| വി.ഇ.ഓ .മാന്ദാമംഗലം | സിബിതോമസ്.സി | 01.04.2015 മുതൽ 31.03.2016 വരെ |
| വി.ഇ.ഓ .മരത്താക്കര | നിജ്ജോസ് | 01.04.2015 മുതൽ 31.03.2016 വരെ |
| വി.ഇ.ഓ .പുത്തൂർ | ബിന്ദു.കെ | 01.04.2015 മുതൽ 31.03.2016വരെ |
| അസി.സെക്രട്ടറി | ശ്രീകല .വി.ജി. | 01.04.2015മുതൽ 31.03.2016വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.രമ്യ.എസ്.പിള്ള | 01.04.2015മുതൽ 31.03.2016വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | സ്മൃതി വിശ്വനാഥ്. | 01.04.2015മുതൽ 31.03.2016വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | വികസനഫണ്ട് ജനറൽ -കൃത്യമായ കണക്കുകൾ സ്ഥാപനത്തിൽ ലഭ്യമല്ല. | 2-1 |
| 13 | ഷോപ്പിങ്ങ് കോംപ്ലക്സിലെ ഒഴിഞ്ഞു കിടക്കുന്ന മുറികൾ വാടകയ്ക്ക് നല്കാൻ നടപടിയെടുക്കേണ്ടതാണ്. | 2-2 |
| 14 | തനത് ഫണ്ടിന് ഒരു ബാങ്ക് അക്കൗണ്ട് മാത്രമാക്കണം | 2-3 |
| 15 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കണം | 2-4 |
| | ഭാഗം 3 | |

| | | |
|---|---|---|
| 16 | പൊതു ടാപ്പുകളുടെ വെള്ളക്കരം – സംയുക്ത പരിശോധന നടത്തേണ്ടതാണ് | 3-1 |
| 17 | കൃത്യമായ കണക്കുകളില്ലാതെ തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ് അടവാക്കുന്നു. | 3-2 |
| 18 | ഭവന നിർമ്മാണം (പി.എച്ച്) - 2 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീയാക്കി ധനസഹായം പൂർണ്ണമായി വാങ്ങിയിട്ടില്ല | 3-3 |
| 19 | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) നടപ്പിലാക്കിയ പദ്ധതികൾ -പണമടച്ച് മാസങ്ങൾ കഴിഞ്ഞിട്ടും മരുന്നുകൾ ലഭിച്ചിട്ടില്ല, സർക്കാർ ഉത്തരവ് പാലിക്കാതെ മരുന്ന് വാങ്ങുന്നതിന് പണം ചെലവഴിച്ചു | 3-4 |
| 20 | കന്നുകുട്ടി പരിപാലന പദ്ധതി- | 3-5 |
| 21 | പട്ടികജാതി ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 3-6 |
| 22 | മീഡിയാശ്രീ-തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സമഗ്രചരിത്രം തയ്യാറാക്കൽ-ചെലവുരേഖകൾ ഹാജരാക്കിയിട്ടില്ല.63000 രൂപ തടസ്സപ്പെടുത്തുന്നു | 3-7 |
| 23 | സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 3-8 |
| 24 | ഇ ടെണ്ടർ-ടെണ്ടർഫോമിന്റെ വില പഞ്ചായത്തിനു ലഭ്യമാക്കേണ്ടതാണ് | 3-9 |
| 25 | റോഡ് കോൺക്രീറ്റിങ്ങ് DSRലെ സ്പെസിഫിക്കേഷൻ പ്രകാരമല്ല | 3-10 |
| 26 | ഇ-ടെണ്ടർ പഞ്ചായത്തിനു ലാഭകരം | 3-11 |
| | ഭാഗം 4 | |
| 27 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-1 |

| | | |
|---|---|---|
| 28 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 30 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 31 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 32 | ഓഡിറ്റ് റിക്കവറി | 4-6 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 28.3.15തിയ്യതിയിലെ 1/16-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം ആകെ വരവ് 189763000 രൂപയും ചെലവ് 174802600 രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.16 | 28.7.16 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വാർഷികകണക്ക് പരിശോധനയിൽ കണ്ടഅപാകതകൾ

1.നാളിതുവരെ സൃഷ്ടിക്കപ്പെട്ട ആസ്തികൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2.നിർവ്വഹണ ഉദ്യോഗസ്ഥർ വഴി (സെക്രട്ടറി ഒഴികെ) പിരിച്ചെടുക്കുന്നതും, അടവാക്കുന്നതുമായ വാറ്റ്, ആദായനികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല.

3.വസ്തു നികുതി, തൊഴിൽ നികുതി എന്നിവയുടെ അരിയർ ഡിമാന്റ് രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

4.ജില്ലാപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ നിന്നും സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച വികസനഫണ്ട് വിഹിതത്തിൽ ചെലവഴിക്കാൻ വർഷാരംഭത്തിലുള്ള തുക, 31.3.16ലെ ബാലൻസ് ഷീറ്റിൽ B4 പട്ടികയിൽ ചെലവഴിക്കാൻ വർഷാവസാനം അവശേഷിക്കുന്നതായി കാണിച്ചിരിക്കുന്ന തുക എന്നിവയുടെ കൃത്യമായ കണക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മുൻവർഷ അപാകതകളിൽ പരിഹരിക്കാത്തവ

1) 2011-12 വർഷത്തെ അരിയർ ഡിമാന്റ് (മുന്നിരിപ്പ് ) തുകകളുടെ കൃത്യത ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.
2) 2014-15 വർഷത്തെ സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല
3) 2014-15 വർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്ററിലെ കണക്കും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

4) ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ നിന്നും സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച വികസന ഫണ്ട് വിഹിതത്തിന്റെ 2014-15 വർഷത്തെ മുന്നിരിപ്പ് തുകയുടെ കൃത്യമായ വിവരം പരിശോധനയ്ക്ക്

ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 56573499 |
| വരവ് | 65808790 |
| ആകെ | 122382289 |
| ചെലവ് | 83365012 |
| നീക്കിയിരിപ്പ് | 39017277 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രഡിറ്റ്. | നീക്കിയിരിപ്പ് (RP40b) |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | - | - | - | - | - |
| വികസനഫണ്ട് എസ്.സി.പി. | 4047712 | 5832616 | 9880328 | 7112616 | 2767712 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 112686 | 245313 | 357999 | 357999 | - | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 2020163 | 9027769 | 11047932 | 11108162 | (+)60230 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2464881 | 4393752 | 6858633 | 6798403 | (-)60230 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 6568600 | 14571683 | 21140283 | 12305193 | 8835090 | 0 |
| ലോകബാങ്ക് സഹായം | 1581291 | 73064 | 1556767 | 1459179 | 97588 | 0 |

സ്ഥാപനത്തിൽ കൃത്യമായ കണക്കുകൾ ലഭ്യമല്ലാത്തതിനാൽ വികസനഫണ്ട് ജനറലിന്റെ മുന്നിരിപ്പിന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. വരവ് 11700390 രൂപയും ചെലവ് 18437470 രൂപയുമാണ്.ഖണ്ഡിക 2-1 കാണുക

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 263 | 93851201 | 169 | 61763937 | 53 | 41 | 64.25% |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം -17.32% കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 11038621 | 9032422 | 2006199 | -18.17 |
| നികുതിയേതര വരവുകൾ | 1007984 | 507977 | 500007 | -49.6 |
| മറ്റുവരവുകൾ | 1874354 | 1969085 | 94371 | 5.05 |
| ആകെ | 13920959 | 11509484 | 2411475 | -17.32 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1560000 | 109 |
| കർഷകതൊഴിലാളി പെൻഷൻ | 6535200 | 835 |
| വിധവാപെൻഷൻ | 19122400 | 1099 |
| വാർദ്ധക്യകാലപെൻഷൻ | 15291510 | 1909 |
| വികലാംഗപെൻഷൻ | 4036340 | 485 |
| അവിവാഹിതരായ 50 വയസ്സിനു മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 1682680 | 185 |

## 1-9. ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 5.11.2016 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4791രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

അപേക്ഷകളും പരാതികളും ഫ്രണ്ട് ഓഫീസ് മുഖേന സ്വീകരിക്കുകയും തൃപ്തികരമായി തീർപ്പാക്കുകയും ചെയ്യുന്നുണ്ട്. ഇൻക്യുമ്പൻസി രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.11.2016 | 10/2016 | 5.11.16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.5.2015 | 2009 -10 മുതൽ 2013-14 വരെ | 19.5.15 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വികസനഫണ്ട് ജനറൽ -കൃത്യമായ കണക്കുകൾ സ്ഥാപനത്തിൽ ലഭ്യമല്ല.

ജി.ഒ.(പി) 177/06/ധനം തിയ്യതി 12.4.06, ജി.ഒ.(എം.എസ്.)362/13/ത.സ്വ.ഭ.വ തിയ്യതി 16.11.13 എന്നീ ഉത്തരവുകളിലെ നിർദേശങ്ങൾക്ക് വിരുദ്ധമായി ജില്ലാ പഞ്ചായത്ത് , ബ്ലോക്ക് പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ നിന്നും സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി ലഭിച്ച വികസന ഫണ്ട് വിഹിതത്തിൽ ഭൂരിഭാഗവും ട്രഷറിയിൽ VPFA IIൽ നിക്ഷേപിക്കുന്നതിനു പകരം ബാങ്ക് അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത് എന്നതിനാൽ യഥാർത്ഥ മുന്നിരിപ്പിന്റെ വിവരം പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. 31.3.2016ലെ ബാലൻസ് ഷീറ്റിലെ ബി-4 പട്ടിക പ്രകാരം ജില്ലാ പഞ്ചായത്ത് , ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നും ലഭിച്ചതിൽ യഥാക്രമം 1791452, 277488 രൂപ വീതം മൊത്തം 2068940 രൂപ ചെലവഴിക്കുവാൻ അവശേഷിക്കുന്നു. ഈ തുകയുടെ കൃത്യത പരിശോധിച്ചതിനു ശേഷം തുക സർക്കാരിന്റെ സഞ്ചിതനിധിയിൽ അടവാക്കേണ്ടതും വിശദമായ റിപ്പോർട്ട് ഓഡിറ്റിനു ഹാജരാക്കേണ്ടതുമാണ്.

## 2-2 ഷോപ്പിങ്ങ് കോംപ്ലക്സിലെ ഒഴിഞ്ഞു കിടക്കുന്ന മുറികൾ വാടകയ്ക്ക് നല്കാൻ നടപടിയെടുക്കേണ്ടതാണ്.

പുത്തൂർ ഗ്രാമപഞ്ചായത്തിന്റെ കരിശ്ശൂമൂല ഷോപ്പിങ്ങ് കോംപ്ലക്സിലെ മൂന്നു മുറികൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്. 1/863, 1/864, 1/866 എന്നീ മുറികൾ 15-16,16-17 വർഷങ്ങളിൽ വാടകയ്ക്ക് നല്കിയിട്ടില്ല. മുറികൾ വാടകയ്ക്ക് നല്കാത്തത് സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (13/29.11.16) മറുപടി ലഭിച്ചില്ല. ഈ മുറികൾ വാടകയ്ക്ക് നല്കി പഞ്ചായത്തിന് വരുമാനം ഉറപ്പുവരുത്തേണ്ടതാണ്.

## 2-3 തനത് ഫണ്ടിന് ഒരു ബാങ്ക് അക്കൗണ്ട് മാത്രമാക്കണം

സർക്കുലർ നമ്പർ 58725/എഫ്.എം3/2008/ ത.സ്വ.ഭ.വ /26.5.11അനുസരിച്ച് തനത് ഫണ്ട് സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിന് പുറമെ ദേശസാൽകൃത ബാങ്കിലോ സഹകരണബാങ്കിലോ ഉള്ള ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണം എന്നും ഇതിനായി ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ട് നിലനിർത്തരുത് എന്നും നിർദേശമുണ്ട്. എന്നാൽ പുത്തൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് കാനറാ ബാങ്ക് -പുത്തൂർ ശാഖയിലും (അക്കൗണ്ട് നമ്പർ - 3533101006128), പുത്തൂർ സർവ്വീസ് സഹകരണ ബാങ്ക് -പുത്തൂർ ബ്രാഞ്ച് (അക്കൗണ്ട് നമ്പർ -2919) എന്നിവയിലും നിക്ഷേപിക്കുന്നതായി കാണുന്നു . ഇത് ഏതെങ്കിലും ഒരു ബാങ്ക് അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കണം

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ കൊടുത്തിരിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി 2013-14 മുതൽ കുടിശ്ശികയുണ്ട് . ഈ ടവറുകളുടെ ഉടമയുടെ പേരോ സ്ഥല ഉടമയുടെ പേരോ വസ്തു നികുതി ഡിമാന്റ് രജിസ്റ്ററിൽ ഇല്ല. മൊബൈൽ ടവർ എന്നു മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇക്കാര്യം തിരുത്തി സ്ഥലം ഉടമ / ടവർ ഉടമയുടെ പേരും വിലാസവും ഉൾപ്പെടുത്തേണ്ടതാണ്. വസ്തു നികുതി കുടിശ്ശികയുള്ള ടവറുകളുടെ വിശദവിരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | വസ്തു നികുതി | കുടിശ്ശികയുള്ള കാലയളവ്. |
|---|---|---|---|---|
| 1 | 4/496 | വോഡാഫോൺ, റോയൽ നഗർ, വെട്ടുകാട് | 5198 | 2013-14 മുതൽ 2015-16 വരെ |
| 2 | 4/578 | മൊബൈൽ ടവർ , തമ്പുരാട്ടിമൂല, വെട്ടുകാട് | 6930 | ,, |
| 3 | 13/248 -A | റിലയൻസ്, നേതാജി പാഞ്ചിറ റോഡ് , പൊന്നുക്കര | 3465 | ,, |

| | | | | |
|---|---|---|---|---|
| 4 | 7/309-A | ഐഡിയ ടവർ, കട്ടിംഗ് മരോട്ടിച്ചാൽ റോഡ് , മാന്ദാമംഗലം | 3465 | ,, |
| 5 | 12/366-A | റിലയൻസ് ടവർ, കുറുപ്പംപടി, ചോച്ചേരികുന്ന് | 4043 | ,, |
| 6 | 16/757-D | റിലയൻസ് ജിയോ ഇൻഫോകോം , | 6300 | ,, |
| 7 | 17/ 450-B | റിലയൻസ് ടവർ,പുഴമ്പള്ളം, മരത്താക്കര | 5775 | ,, |
| 8 | 17/ 480-A | റിലയൻസ് ടവർ, പുഴമ്പള്ളം, മരത്താക്കര | 5775 | ,, |
| | | ആകെ | 40951 | |

2013-14 മുതൽ 2015-16 വരെ പ്രതിവർഷം 40951 രൂപ വസ്തു നികുതിയും അതിന്റെ ലൈബ്രറി സെസ്സും ഉൾപ്പെടെ (122853+1229) കുടിശ്ശികയുണ്ട്. കുടിശ്ശിക വന്ന തുക നിശ്ചിതസമയപരിധിയ്ക്കകം പിരിച്ചെടുക്കാതെ നികുതി തുക നഷ്ടം വന്നാൽ അത് ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി കണക്കാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പൊതു ടാപ്പുകളുടെ വെള്ളക്കരം -സംയുക്ത പരിശോധന നടത്തേണ്ടതാണ്

പൊതുടാപ്പുകൾക്ക് പ്രതിമാസം 196000 രൂപ വീതം 2015-16 സാമ്പത്തിക വർഷം 2352000 രൂപ വെള്ളക്കരമിനത്തിൽ അടവാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ കണക്കുകൾ പ്രകാരം 496 ടാപ്പുകൾ പഞ്ചായത്തിനുണ്ട്. എന്നാൽ ഇതു സംബന്ധിച്ച കൃത്യമായ കണക്കുകളൊന്നും പഞ്ചായത്തിൽ ലഭ്യമല്ല. വെള്ളക്കരമിനത്തിൽ വലിയ തുക അടവാക്കി വരുന്ന സാഹചര്യത്തിൽ പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ യഥാർത്ഥ എണ്ണം അറിയുന്നതിനുവേണ്ടി വാട്ടർ അതോറിറ്റിയുമായി ചേർന്ന് 30.9.09ലെ സ.ഉ. (സാധാ.)1279/09 നമ്പർ തസ്വഭവ പ്രകാരമുള്ള കുടിവെള്ള ടാപ്പുകളുടെ സംയുക്ത പരിശോധന നടത്താനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

### 3-2 കൃത്യമായ കണക്കുകളില്ലാതെ തെരുവുവിളക്കുകളുടെ വൈദ്യുതച്ചാർജ് അടവാക്കുന്നു.

തെരുവു വിളക്കുകളുടെ വൈദ്യതച്ചാർജിനത്തിൽ 2015-16 സാമ്പത്തിക വർഷം 4025664 രൂപ അടവാക്കിയിട്ടുണ്ട്. കെ.എസ്.ഇ.ബിയിൽ നിന്നും ലഭിക്കുന്ന ബിൽ പ്രകാരം തുക അടവാക്കി വരികയാണു ചെയ്യുന്നത്. എത്ര സ്ട്രീറ്റ് ലൈറ്റുകൾ പഞ്ചായത്തിലുണ്ടെന്ന കണക്ക് പഞ്ചായത്തിൽ ലഭ്യമല്ല. സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം, ഇനം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. കൂടാതെ സ്ട്രീറ്റ് ലൈറ്റുകളുടെ കൃത്യമായ എണ്ണം കണക്കാക്കുന്നതിനായി കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തേണ്ടതാണ്.

### 3-3 ഭവന നിർമ്മാണം(പി.എച്ച്) - 2 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കി ധനസഹായം പൂർണ്ണമായി വാങ്ങിയിട്ടില്ല

ഗ്രാമ വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ ഭവന നിർമ്മാണം (പി.എച്ച്) പദ്ധതിയിൽ (പ്രൊജക്ട്

നം.139/16) താഴെപ്പറയുന്ന 2 പേർ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ച് ധനസഹായം പൂർണ്ണമായി വാങ്ങിയിട്ടില്ല. സബ്സിഡി തുക 2 ലക്ഷം രൂപയാണ്.

| ക്രമ നം. | ഗുണഭോക്താക്കളുടെ പേരും വിലാസവും | ഡി.ഡി നം/തീയതി | കൈപ്പറ്റിയ തുക(₹) |
|---|---|---|---|
| 1 | ലളിത കൃഷ്ണൻ, കോടത്തൂർ, ചോച്ചേരിക്കുന്ന്, പുത്തൂർ | 951214/29.9.16 | 80000 |
| 2 | ജയൻ .എ.എം, എടത്തോട്ടത്തിൽ, മരോട്ടിച്ചാൽ, വല്ലൂർ | 639523/14.3.16 | 80000 |
| | | 641024/29.3.16 | 60000 |

മേല്പറയുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഗുണഭോക്താക്കൾക്കെതിരെ കരാർ ലംഘനത്തിന് നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്

## 3-4 മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) നടപ്പിലാക്കിയ പദ്ധതികൾ -പണമടച്ച് മാസങ്ങൾ കഴിഞ്ഞിട്ടും മരുന്നുകൾ ലഭിച്ചിട്ടില്ല, സർക്കാർ ഉത്തരവ് പാലിക്കാതെ മരുന്ന് വാങ്ങുന്നതിന് പണം ചെലവഴിച്ചു

1. പാലിയേറ്റീവ് പരിചരണം (പ്രൊജക്ട് നം. 146/16)

പാലിയേറ്റീവ് പരിചരണ പദ്ധതിയുടെ ഭാഗമായി മരുന്നുകൾ വാങ്ങുന്നതിനായി ബ്ലോക്ക് വിഹിതമായി ലഭിച്ച ₹177988 തിരുവനന്തപുരത്തെ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ അടച്ച് (ഡി.ഡി.നം. 241129/തീയതി. 2.4.16) മാസങ്ങൾ കഴിഞ്ഞിട്ടും മരുന്നുകളൊന്നും തന്നെ ലഭിച്ചിട്ടില്ല.

2. പി.എച്ച്.സി. യിലേക്ക് ആവശ്യമായ മരുന്ന വാങ്ങൽ( പ്രൊജക്ട് നം. 144/16)

പദ്ധതി നടത്തിപ്പിലേക്കായി റോഡിതര സംരക്ഷണഫണ്ടിൽ നിന്നും 3ലക്ഷം രൂപ പിൻവലിച്ചതിൽ 1 ലക്ഷം രൂപ (ഡി.ഡി. 640226/22.3.16) മുളങ്കുന്നത്തുകാവിലെ കാരുണ്യ ഫാർമസിയിലും 2 ലക്ഷം രൂപ (ഡി.ഡി. 641298/30.3.16) തിരുവനന്തപുരത്തെ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിലും അടച്ച് മാസങ്ങൾ കഴിഞ്ഞിട്ടും മരുന്നുകളൊന്നും തന്നെ ലഭിച്ചിട്ടില്ല.

3. സർക്കാർ ഉത്തരവ് പാലിക്കാതെ മരുന്ന് വാങ്ങുന്നതിന് പണം നല്കി.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി – പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ [സ.ഉ. (എം. എസ്.) നം.362/13/ത.സ്വ.ഭ.വ./16.11.2013 ] അനുബന്ധം 1.7 (ii), അനുബന്ധം 16.7 (4) എന്നിവ പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെ മരുന്നിനു വേണ്ടി തുക ചെലവഴിക്കാൻ പാടില്ല. എന്നാൽ മേൽപ്പറയുന്ന 144/16 നംപർ പ്രൊജക്ടിന് തുക ചെലവഴിക്കുന്നതിന് ബന്ധപ്പെട്ട സർട്ടിഫിക്കറ്റ് വാങ്ങിയിട്ടില്ല.

സർക്കാർ ഉത്തരവ് പാലിക്കാതെ മരുന്ന് വാങ്ങുന്നതിന് പണം ചെലവഴിച്ച നടപടി ശരിയല്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 477988 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മരുന്നുകൾ ലഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-5 കന്നുകുട്ടി പരിപാലന പദ്ധതി

പ്രൊജക്ട് നമ്പർ- 11/2016

ചെലവ് -6,25,000/- രൂപ (വികസന ഫണ്ട്)

ട്രഷറി ബിൽ -1/2015-16/18.12.15

നിർവ്വഹണോദ്യോഗസ്ഥൻ – വെറ്ററിനറി സർജൻ

പദ്ധതിയുടെ ഭാഗമായി 100 ഗുണഭോക്താക്കൾക്കുള്ള വിഹിതമായി 6,25,000/- രൂപ എസ്.എൽ.ബി.പി. ജില്ലാ ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. 01//2016 മുതൽ തീറ്റ വിതരണം ആരംഭിച്ചതായി കാണുന്നു. താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് തീറ്റ വിതരണം നടത്തിയിട്ടില്ല/ ഭാഗികമായി മാത്രം നടത്തിയതായി കാണുന്നു

1.കുഞ്ഞില, ആലപ്പാടൻ, പടവരാട് (തീറ്റ വാങ്ങിയിട്ടില്ല)

2.രമണി കരുണാകരൻ, മലയപ്പറമ്പിൽ, പൂത്തൻകാട് ( 01/16,02/16 എന്നീ രണ്ടു മാസങ്ങൾ മാത്രമാണ് തീറ്റ വാങ്ങിയിട്ടുള്ളത്)

3.അശോകൻ.പി.ടി, പാമ്പുങ്കൽ, തോണിപ്പാറ (4 മാസം മാത്രമാണ് തീറ്റ വാങ്ങിയിട്ടുള്ളത്)

മേല്പറയുന്ന ഗുണഭോക്താക്കൾക്ക് വേണ്ടി കൈമാറിയതിൽ ചെലവഴിക്കാൻ ശേഷിക്കുന്ന തുക എസ്.എൽ.ബി.പി. ജില്ലാ ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും തിരികെ വാങ്ങി സർക്കാറിൽ അടവാക്കേണ്ടതാണ്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവ വാങ്ങി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-6 പട്ടികജാതി ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പൂത്തൻകാട്, ചെമ്പംകണ്ടം എന്നീ പട്ടികജാതി സങ്കേതങ്ങളിൽ സ്ഥലം ലഭിച്ചവർക്ക് ഭവനധനസഹായം എന്ന പ്രോജക്ട് പ്രകാരം ധനസഹായം നൽകിയതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേര് | എഗ്രിമെന്റ് തീയതി | ഇതുവരെ നൽകിയ തുക |
|---|---|---|---|
| 1 | വിജയൻ, കുന്നമ്മത്ത് | 29.12.14 | 20000 |
| 2 | മണിക്കുട്ടൻ, ചെറവക്കാരൻ ഹൗസ് | 15.12.14 | 270000 |
| 3 | സജിത്ത് കുമാർ, പുതിയേടത്ത് ഹൗസ് | 17.12.14 | 270000 |
| 4 | രത്നാകരൻ, തറവളപ്പിൽ ഹൗസ് | 9.12.14 | 270000 |

ക്രമനമ്പർ 1 ഗുണഭോക്താവ് 4.3.15ന് ആദ്യഗഡു കൈപ്പറ്റിയിട്ടും നാളിതുവരെ വീടുപണി ആരംഭിച്ചതു പോലുമില്ല. മേല്പറഞ്ഞ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കേണ്ടതും അല്ലാത്ത

പക്ഷം കരാർ ലംഘനത്തിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-7 മീഡിയാശ്രീ-തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സമഗ്രചരിത്രം തയ്യാറാക്കൽ-ചെലവുരേഖകൾ ഹാജരാക്കിയിട്ടില്ല.63000 രൂപ തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ-അസി.സെക്രട്ടറി

പ്രോജക്ട് നമ്പർ-SO150/16

ട്രഷറി ബിൽ നമ്പർ-7/15-16/30.10.15

ഡി.ഡി നമ്പർ-635329/19.11.15

മേൽ പ്രോജക്ട് പ്രകാരം 63000 രൂപ ജില്ലാമിഷൻ കോ-ഓർഡിനേറ്റർക്ക് കൈമാറിയിട്ടുണ്ട്. ആയതിന്റെ ചെലവ് രേഖകൾ, വിനിയോഗസാക്ഷ്യപത്രം എന്നിവ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതു വരെ ഈയിനത്തിൽ ചെലവഴിച്ച 63000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

## 3-8 സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

2015-16 സാമ്പത്തികവർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് / പ്രോജക്ട് നമ്പർ | ബിൽ നമ്പർ | ഡിഡി നമ്പർ | നൽകിയത് |
|---|---|---|---|---|
| 1 | SO 04/16 സാമൂഹ്യ സുരക്ഷാമിഷനു നല്കിയത് | 6/15-16/ 25.9.15 തുക-100000/- | 700672/29.9.15 | സെക്രട്ടറി , സാമൂഹ്യസുരക്ഷാമിഷൻ |
| 2 | SO 295/16 ഐ.കെ.എം വിഹിതം | 54/15-16/ 2.4.16 തുക - 88702 | 641855/2.4.16 | ഡയറക്ടർ, ഐ.കെ.എം തിരുവനന്തപുരം |
| | ആകെ | 188702 | | |

രേഖകൾ ഹാജരാക്കുന്നതുവരെ 188702രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 ഇ ടെണ്ടർ-ടെണ്ടർഫോമിന്റെ വില പഞ്ചായത്തിനു ലഭ്യമാക്കേണ്ടതാണ്

2015-16 വർഷത്തിൽ പുത്തൂർ ഗ്രാമപഞ്ചായത്തിൽ 13 പ്രവർത്തികളാണ് ഇ-ടെണ്ടർ ചെയ്തിരിക്കുന്നത്. ആയതിന്റെ

ടെണ്ടർ ഫോറം വില എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് അടവാക്കിയിരിക്കുന്നത്. 2015-16 വർഷത്തിൽ മൊത്തം 56280 രൂപ ഈ ഇനത്തിൽ പഞ്ചായത്തിനു ലഭിക്കുവാനുണ്ട്. ടി തുക പഞ്ചായത്തിനു ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവർത്തിയുടെപേര് | പദ്ധതിതുക | ലഭിച്ച ടെണ്ടർ | ടെണ്ടർഫോറം വില |
|---|---|---|---|---|
| 1 | ചെരുകുന്ന് ലക്ഷംവീട്റോഡ് | 500000 | 2 | 1050x2=2100 |
| 2 | മതിക്കുന്ന് ജി.ജെ.ബി.എസ്.അറ്റകുറ്റപ്പണി | 777000 | 2 | 1680x2=3360 |
| 3 | കുരുപ്പംപടി ചെരിയാംപറമ്പ് റോഡ് | 500000 | 3 | 1050x3=3150 |
| 4 | ചെമ്പംകണ്ടം കൈനിക്കുന്ന് രാഗം റോഡ് റീടാറിങ്ങ് | 500000 | 3 | 1050x3=3150 |
| 5 | വെള്ളക്കാരിത്തടം ചെന്നായ്പ്പാറ റോഡ് റീടാറിങ്ങ് | 500000 | 5 | 1050x5=5250 |
| 6 | ക്ലനൻമൂല മഠംവഴി റീടാറിങ്ങ് | 500000 | 5 | 1050x5=5250 |
| 7 | സുറായിപ്പള്ളിറോഡ് റീടാറിങ്ങ് | 500000 | 4 | 1050x4=4200 |
| 8 | നമ്പ്യാർ റോഡ് പൊന്നൃക്കര റോഡ് റീടാറിങ്ങ് | 500000 | 6 | 1050x6=6300 |
| 9 | കനകശേരി മോസ്കോ റോഡ് റീടാറിങ്ങ് | 500000 | 5 | 1050x5=5250 |
| 10 | പല്ലുതേവർ അമ്പലം വഴി റോഡ് റീടാറിങ്ങ് | 500000 | 6 | 1050x6=6300 |
| 11 | കല്ലംകുന്ന് അംഗൻവാടി റോഡ് സെക്കന്റ് റീച്ച് | 600000 | 3 | 1260x3=3780 |
| 12 | വല്ലൂർക്കുന്ന് കള്ളായി റോഡ് റീടാറിങ്ങ് രണ്ടാംഘട്ടം | 500000 | 3 | 1050x3=3150 |
| 13 | പൊന്നൃക്കര ശാന്തിനഗർ പഞ്ചാബ്മൂല റോഡ് റീടാറിങ്ങ് | 600000 | 4 | 1260x4=5040 |
| | ആകെ | | | 56280 |

## 3-10 റോഡ് കോൺക്രീറ്റിങ്ങ് DSRലെ സ്പെസിഫിക്കേഷൻ പ്രകാരമല്ല

GO(MS)NO.74/14/LSGD തിയ്യതി 7.5.14ലെ സർക്കാർ നിർദ്ദേശപ്രകാരം റോഡ് കോൺക്രീറ്റിങ്ങ് പ്രവർത്തികൾക്ക് ഉപയോഗിക്കേണ്ടത് DAR റോഡ് പ്രവർത്തികളെ കുറിച്ച് പ്രതിപാദിക്കുന്ന 16-ാം അദ്ധ്യായത്തിലെ ഇനം 16.42 ആണ്. എന്നാൽ ഈ സ്പെസിഫിക്കേഷനു പകരം റോഡ് കോൺക്രീറ്റിങ്ങിനു DAR sub head 4ലെ 4.1.8, sub head 11 ലെ 11.7 എന്നീ ഇനങ്ങളാണ് ഉപയോഗിച്ചിരിക്കുന്നത് 4.1.8 അനുസരിച്ച് 1:4:8 എന്ന അനുപാതത്തിൽ കോൺക്രീറ്റിങ്ങ് ചെയ്ത് അതിനുമുകളിൽ 11.7അനുസരിച്ച് 1:2:4 എന്ന അനുപാതത്തിൽ കോൺക്രീറ്റിങ്ങ് നടത്തുകയും ചെയ്തുവരുന്നു.

നിശ്ചിത സ്പെസിഫിക്കേഷൻ 16.42 ഉപയോഗിക്കാത്തതുകൊണ്ട് പഞ്ചായത്തിന് അധികചെലവ് വരുന്നില്ലെങ്കിലും നിലവിലുള്ള സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമാണെന്നു കാണുന്നു. ഇങ്ങനെ തെറ്റായ സ്പെസിഫിക്കേഷൻ പ്രകാരം നടത്തിയ പ്രവർത്തികൾക്ക് ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | പ്രവൃത്തിയുടെ പേര് | പദ്ധതി |
|---|---|---|

| നമ്പർ | | തുക |
|---|---|---|
| 1 | ചെറുകുന്ന് കൂടാക്കര റോഡ് കോൺക്രീറ്റിങ്ങ് | 200000 |
| 2 | വല്ലൂർക്കുത്ത് കള്ളായിക്കുന്ന് റോഡ് കോൺക്രീറ്റിങ്ങ് | 300000 |
| 3 | മാന്ദാമംഗലം വിയ്യാനിപ്പള്ളി മുരിക്കും പാറ അംഗൻവാടി റോഡ് കോൺക്രീറ്റിങ്ങ് | 400000 |
| 4 | ചോച്ചേരിക്കുന്ന് എസ്.സി .കോളനിറോഡ് കോൺക്രീറ്റിങ്ങ് | 250000 |
| 5 | കുറുപ്പംപടി ചെരിയാംപറമ്പ് റോഡ് കോൺക്രീറ്റിങ്ങ് | 500000 |

## 3-11 ഇ-ടെണ്ടർ പഞ്ചായത്തിനു ലാഭകരം

2015-16 വർഷത്തിൽ 182 പ്രോജക്റ്റുകൾക്കാണ് അംഗീകാരം ലഭിച്ചത്. ഇതിൽ 128 പ്രോജക്റ്റുകളാണ് നടപ്പാക്കിയത്. 2015-16 വർഷത്തിൽ 13 പ്രവർത്തികളാണ് ഇ-ടെണ്ടർ ചെയ്തത്. സാധാരണ ടെണ്ടർ നടപടിക്രമങ്ങളിലൂടെ ടെണ്ടർ ചെയ്ത പ്രവർത്തികൾക്കൊന്നും തന്നെ മത്സരാടിസ്ഥാനത്തിലുള്ള ടെൺഡറുകൾ ലഭിച്ചിരുന്നില്ല. 95% പ്രവർത്തികൾക്കും ടെണ്ടർ വേരിയേഷൻ ഉണ്ടായിട്ടില്ല. എല്ലാം എസ്റ്റിമേറ്റ് നിരക്കിലാണ് ടെണ്ടർ ചെയ്തിരിക്കുന്നത്. എന്നാൽ ഇ-ടെണ്ടർ നടത്തിയ 13 പ്രവർത്തികൾക്കും മത്സരാടിസ്ഥാനത്തിലുള്ള ടെണ്ടറുകൾ ലഭിക്കുകയും ടെണ്ടർ വേരിയേഷനായി ഏകദേശം 12 ലക്ഷത്തോളം രൂപ പഞ്ചായത്തിനു ലഭിക്കുകയും ചെയ്തിട്ടുണ്ട്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| | OB (റവന്യൂചെലവ്) | - | - | 237889 | - |
| ബ്ലോക്ക് പഞ്ചായത്ത് | - | - | മേത്തുള്ളിപ്പാടം ലിഫ്റ്റ് ഇറിഗേഷൻ | 47800 | 190089 |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 250000 | പെയിൻ ആന്റ് പാലിയേറ്റീവ് കെയർ | 223672 | 26328 |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 172500 | ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 172500 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 450000 | കാലിത്തീറ്റ സബ്സിഡി | 450000 | - |
| ആകെ | - | 1110389 | - | 893972 | 216417 |
| ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചർ | OB | 61071 | - | - | 61071 |
| | | | | | 277488 |

## 4-2. ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | സ്റ്റീറ്റ് മെയിൻ വലിക്കൽ | 637354/22.12.16 | 69350 | 69350 | - |
| കെ.എസ്.ഇ.ബി. | സ്റ്റീറ്റ് മെയിൻ വലിക്കൽ | 641841/2.4.16 | 17380 | 17380 | 0 |
| കെ.എസ്.ഇ.ബി. | സ്റ്റീറ്റ് മെയിൻ വലിക്കൽ | 641844/2.4.16 | 15250 | 15250 | 0 |
| കെ.എസ്.ഇ.ബി. | സൂപ്പർവിഷൻചാർജ് | 701777/30.10.15 | 2940 | 2940 | 0 |
| കെ.എസ്.ഇ.ബി. | സെർവീസ് ടാക്സ് | 641878/2.4.16 | 105 | 105 | 0 |
| കെ.എസ്.ഇ.ബി | പോസ്റ്റ് ഷിഫ്ററിംഗ് | 700711/29.9.15 | 24807 | 24807 | 0 |
| കെ.എസ്.ഇ.ബി. | സൂപ്പർവിഷൻചാർജ് | 700714/29.9.15 | 11172 | 11172 | 0 |
| കെ.എസ്.ഇ.ബി. | പോസ്റ്റ് ഷിഫ്ററിംഗ് | 700712/29.9.15 | 13823 | 13823 | 0 |
| കെ.എസ്.ഇ.ബി. | പോസ്റ്റ് ഷിഫ്ററിംഗ് | 701775/30.10.15 | 141088 | 141088 | 0 |
| കെ.എസ്.ഇ.ബി. | പോസ്റ്റ് ഷിഫ്ററിംഗ് | 637352/22.2.16 | 219971 | 219971 | 0 |
| കെ.എസ്.ഇ.ബി. | സ്റ്റീറ്റ് മെയിൻ വലിക്കൽ | 701774/30.10.15 | 72240 | 72240 | 0 |
| കെ.എസ്.ഇ.ബി. | സൂപ്പർവിഷൻചാർജ് | 700713/29.9.15 | 6840 | 6840 | 0 |
| കെ.എസ്.ഇ.ബി. | സ്റ്റീറ്റ് മെയിൻ വലിക്കൽ | 700678/29.9.15 | 10500 | 10500 | 0 |
| കെ.എസ്.ഇ.ബി. | സ്റ്റീറ്റ് മെയിൻ വലിക്കൽ | 637351/22.12.16 | 45170 | 45170 | 0 |
| കെ.എസ്.ഇ.ബി. | സ്റ്റീറ്റ് മെയിൻ വലിക്കൽ | 641832/2.4.16 | 24950 | 24950 | 0 |
| കെ.എസ്.ഇ.ബി. | സ്റ്റീറ്റ് മെയിൻ വലിക്കൽ | 641833/2.4.16 | 9000 | 9000 | 0 |
| കെ.എസ്.ഇ.ബി. | സ്റ്റീറ്റ് മെയിൻ വലിക്കൽ | 641834/2.4.16 | 17000 | 17000 | 0 |
| കെ.എസ്.ഇ.ബി. | സ്റ്റീറ്റ് മെയിൻ വലിക്കൽ | 641835/2.4.16 | 7600 | 7600 | 0 |
| കെ.എസ്.ഇ.ബി. | സ്റ്റീറ്റ് മെയിൻ വലിക്കൽ | 641836/2.4.16 | 14100 | 14100 | 0 |
| കെ.എസ്.ഇ.ബി. | സ്റ്റീറ്റ് മെയിൻ വലിക്കൽ | 641837/2.4.16 | 14600 | 14600 | 0 |
| കെ.എസ്.ഇ.ബി. | സ്റ്റീറ്റ് മെയിൻ വലിക്കൽ | 641838/2.4.16 | 6700 | 6700 | 0 |
| കെ.എസ്.ഇ.ബി. | സ്റ്റീറ്റ് മെയിൻ വലിക്കൽ | 641839/2.4.16 | 25000 | 25000 | 0 |

| | | | | | |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് മെയിൻ വലിക്കൽ | 641840/2.4.16 | 34450 | 34450 | 0 |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് മെയിൻ വലിക്കൽ | 641842/2.4.16 | 9045 | 9045 | 0 |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് മെയിൻ വലിക്കൽ | 641843/2.4.16 | 6315 | 6315 | 0 |
| കെ.എസ്.ഇ.ബി. | സൂപ്പർവിഷൻചാർജ് | 641853/2.4.16 | 10305 | 10305 | 0 |
| കെ.എസ്.ഇ.ബി. | സൂപ്പർവിഷൻചാർജ് | 642057/4.2.16 | 3664 | 3664 | 0 |
| കെ.എസ്.ഇ.ബി. | സൂപ്പർവിഷൻചാർജ് | 642054/4.2.16 | 3206 | 3206 | 0 |
| കെ.എസ്.ഇ.ബി. | സൂപ്പർവിഷൻചാർജ് | 642055/4.2.16 | 4580 | 4580 | 0 |
| കെ.എസ്.ഇ.ബി. | സൂപ്പർവിഷൻചാർജ് | 642056/4.2.16 | 12824 | 12824 | 0 |
| | | | 853975 | 853975 | |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്.ഹൗസിംഗ് ലോൺ | സ.ഉ.(സാധാ)നം.800/10/ ത.സ്വ.ഭ.വ തിയ്യതി 9/3/10 | 12673000 | 2067009 | 2067009 | - | 0 |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് | ഭാഗം/ | ഈടാക്കിയ | ഒടുക്കിയ ആളുടെ | രശീത് നമ്പർ |
|---|---|---|---|---|

| വർഷം | ഖണ്ഡിക | തുക | പേരും ഉദ്യോഗപ്പേരും | തിയ്യതി |
|---|---|---|---|---|
| 2010-11 | 3-14 | 850 | ഷോബി, കൺവീനർ | 11504105207/4.02.2016 |
| 2010-11 | 3-14 | 3000 | ജയപ്രകാശ്, കൺവീനർ | 11504101819/17.07.2015 |
| 2010-11 | 3-19 | 9851 | വിജയകുമാർ, കൺവീനർ | 11504104061/27.11.2015 |
| 2010-11 | 3-19 | 2536 | വിജയകുമാർ, കൺവീനർ | 11504102761/19.09.2015 |
| 2010-11 | 3-19 | 2000 | ജയപ്രകാശ്, കൺവീനർ | 11504102227/07.08.2015 |

## 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 65808790 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 83365012 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 729690 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 477988 | ഡോ. ആദിത്ത്. എസ്. |
| 3-7 | 63000 | ശ്രീകല. വി.ജി അസി.സെക്രട്ടറി |
| 3-8 | 188702 | എ.എസ്. തമ്പി സെക്രട്ടറി |
| | 729690 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1982-83, 84-85 മുതൽ 93-94 വരെ | എൽ.എഫ്.ടി(എസ്.2)- 1640/11/ തീയതി 28.10.11/ 06.12.11 | |
| 1994-95, 95-96 | എൽ.എഫ്.ടി.(എസ്.2) - 1640/11/ തീയതി 28.10.11/ 06.12.11 | |
| 1996-97 | എൽ.എഫ്.ടി.(എസ് 11) 241/04 തീയതി 10.08.04 | |
| 1997-98 | എൽ.എഫ്.ടി.(എസ് 11) 1316/98 തീയതി 05.02.99 | |
| 1998-99 | എൽ.എഫ്.ടി.(എസ് 11) 1570/00 തീയതി 05.03.11 | |
| 1999-2000, 2000-01, 2001-02 (ജനകീയാസൂത്രണം) | എൽ.എഫ്.ടി.(എസ് 11) 1244/03 തീയതി 21.08.04 | |
| 1999-2000 (ജനകീയാസൂത്രണം ഒഴികെ) | എൽ.എഫ്.ടി.(എസ് 11) 1251/04 തീയതി 18.05.05 | |
| 2000-01 (ജനകീയാസൂത്രണം ഒഴികെ) | എൽ.എഫ്.ടി.(എസ് 11) 1536/07 തീയതി 07.11.08 | |
| 2001-02 (ജനകീയാസൂത്രണം ഒഴികെ) | എൽ.എഫ്.ടി.(എസ് 11) 2362/07 തീയതി 07.11.08 | |
| 2002-03 വരവ് - ചെലവ് | എൽ.എഫ്.ടി.(എസ് 11) 2363/07 തീയതി 07.11.08 | |
| 2003-04 വരവ് - ചെലവ് | എൽ.എഫ്.ടി.(എസ് 11) 1686/07 തീയതി 07.11.08 | |

| | | |
|---|---|---|
| 2004-05 വരവ് - ചെലവ് | എൽ.എഫ്.ടി.(എസ് 11) 32/09 തീയതി 21.06.10 | |
| 2005-06 വരവ് - ചെലവ് | എൽ.എഫ്.ടി.(എസ് 11) 1388/09 തീയതി 02.07.10 | |
| 2006-07 വരവ് - ചെലവ് | എൽ.എഫ്.ടി.(എസ് 11) 1389/09 തീയതി 02.07.10 | |
| 2007-08 വരവ് - ചെലവ് | എൽ.എഫ്.ടി.(എസ് 11) 921/10 തീയതി 23.03.11 | |
| 2008-09 വരവ് - ചെലവ് | എൽ.എഫ്.ടി.(എസ് 11) 922/10 തീയതി 23.03.11 | |
| 2009-10 | എൽ.എഫ്.ടി.(പി 4)1101/12 തീയതി 22.11.12 | |
| 2010-11 | എൽ.എഫ്.ടി.(പി 4)1096/12 തീയതി 21.11.12/13.03.13 | |
| 2011-12 | എൽ.എഫ്.ടി.(പി 4)1116/13 തീയതി 04.12.13 | |
| 2012-13 | എൽ.എഫ്.ടി.(പി 8)1035/14 തീയതി 14.11.14/07.01.15 | |
| 2013-14 | എൽ.എഫ്.ടി.(പി 8)193/15 തീയതി 03.08.15/02.06.15 | |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.(പി8) 1418/15 തീയതി 07.11.15/ 07.12.15 | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

No. KSA-TSR/P8/2203/2016

Kerala State Audit Department

District Audit Office, Thrissur

PIN- 680 020

Phone: 0487 2331249

E-mail:dotsr.ksad@kerala.gov.in

Date: 20.01.2017

AUDIT CERTIFICATE

Certified that I have audited the Annaual Fianacial Statement of Puthur Gramapanchayat in Thrissur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Insittutions.

In my opinion, the Financial Statements of Puthur Grama Panchcyat for the year 2015-16 except the observations in my Audit Report properly presents the picture of income and expenditure.

Deputy Director

District Audit Office,

Thrissur.

കെ.എസ്.എ-ടി.എസ്.ആർ.(പി8)/2203/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ - 680 020

ഫോൺ- 0487 2331249

e-mail: dotsr.ksad@kerala.gov.in

തീയതി: 20.01.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ പുത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പുത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ.